LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ബി.ആർ.ഡി.സി.-യുടെ ആർട്ടിക്കിൾസ് ഓഫ് അസോസിയേഷൻ പ്രകാരം രൂപീകരിച്ചിട്ടുള്ള ഡയറക്ടർ ബോർഡിൽ താഴെപ്പറയുന്ന ഡയറക്ടർമാരാണുള്ളത് :

1. ചീഫ് സെക്രട്ടറി-ചെയർമാൻ
2. സെക്രട്ടറി-ടൂറിസം
3. ഡയറക്ടർ-ടൂറിസം
4. അഡീഷണൽ ഡയറക്ടർ (ജി) ടൂറിസം
5. മാനേജിംഗ് ഡയറക്ടർ, കെ.റ്റി.ഡി.സി.
6. ജില്ലാ കളക്ടർ, കാസർഗോഡ്
7. ഡെപ്യൂട്ടി സെക്രട്ടറി, ഫിനാൻസ്
8. മാനേജിംഗ് ഡയറക്ടർ, ബി.ആർ.ഡി.സി.

(ബി) പരിഗണനയിലില്ല.

കോതമംഗലത്ത് ടൂറിസം വകുപ്പിന്റെ പദ്ധതികൾ ആരംഭിക്കുന്നതിന് നടപടികൾ

328 (2884) ശ്രീ. റ്റി. യു. കുരുവിള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോതമംഗലം നിയോജക മണ്ഡലത്തിലെ വിവിധ ടൂറിസ്റ്റ് കേന്ദ്രങ്ങളായ ഭൂതത്താൻകെട്ട്, തട്ടേക്കാട്, നേര്യമംഗലം എന്നിവിടങ്ങളിൽ കൂടുതൽ ടൂറിസം അമിനിറ്റി സെന്ററുകൾ സ്ഥാപിക്കുന്നതിനും ടൂറിസ്റ്റുകൾക്ക് ആവശ്യമായ സൗകര്യങ്ങൾ ചെയ്ത് നൽകുന്നതിനും നടപടികൾ ഉണ്ടാകുമോ ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ;

(ബി) മൂന്നാർ ഹിൽ ടൂറിസ്റ്റ് കേന്ദ്രത്തിന്റെ കവാടമെന്നറിയപ്പെടുന്ന കോതമംഗലത്ത് ടൂറിസം വകുപ്പിന്റെ കൂടുതൽ പദ്ധതികൾ ആരംഭിക്കുന്നതിന് നടപടികൾ ഉണ്ടാകുമോ ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ?

ഉത്തരം

(എ) കോതമംഗലം നിയോജക മണ്ഡലത്തിലെ നേര്യമംഗലം ടൂറിസ്റ്റ് കേന്ദ്രത്തിൽ ടൂറിസ്റ്റുകൾക്കാവശ്യമായ അടിസ്ഥാന സൗകര്യ വികസനത്തിനു വേണ്ടി ബോട്ട് ജെട്ടി, ചിൽഡ്രൻസ് പ്ലേ ഏരിയ, എൻട്രൻസ് ഗേറ്റ്, കാർ പാർക്കിംഗ് ഏരിയ തുടങ്ങിയ ഘടകങ്ങൾ ഉൾപ്പെടുത്തിയ 2,30,00,000 രൂപയുടെ ഒരു പദ്ധതിക്ക് അംഗീകാരം നൽകിയിട്ടുണ്ട്. അതിന്റെ പ്രാരംഭ പ്രവർത്തനങ്ങൾ നടന്നുവരുന്നു. കൂടാതെ ഭൂതത്താൻകെട്ട് ടൂറിസം കേന്ദ്രത്തിന്റെ അടിസ്ഥാന സൗകര്യ വികസനത്തിനും മറ്റുമായി കേന്ദ്ര ടൂറിസം വകുപ്പ് അനുവദിച്ച 2,35,40,000 രൂപയുടെ പദ്ധതിയുടെ പ്രാഥമിക പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്.

(ബി) പരിശോധിക്കുന്നതാണ്.

ആനയിറങ്കൽ ഡാമിന്റെ വിനോദ സഞ്ചാര സാധ്യതകളെക്കുറിച്ച് പഠനം

329 (2885) ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഉടുമ്പൻചോല താലൂക്കിലെ മൂന്നാർ കുമളി റൂട്ടിലെ ആനയിറങ്കൽ ഡാമിൽ വിനോദസഞ്ചാരികൾക്കായി ബോട്ട് സർവ്വീസ് ഏർപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കാമോ ;

(ബി) ആനയിറങ്കൽ ഡാമിന്റെ വിനോദസഞ്ചാര സാധ്യതകളെക്കുറിച്ച് പഠനം നടത്തി വിനോദ സഞ്ചാരികളെ ആകർഷിക്കുന്നതിന് പദ്ധതി തയ്യാറാക്കുന്ന കാര്യം പരിഗണിക്കുമോ ?

ഉത്തരം

(എ) നടപടി സ്വീകരിച്ചുവരുന്നു.

(ബി) പരിഗണനയിലാണ്.

LIBRARY ARCHIVES Kerala Legislative Assembly